അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ പെൻഷൻ

96 [2065] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-ന് ശേഷം അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും ഏതെല്ലാം തസ്തികയിൽനിന്ന് എത്രപേർ പെൻഷനായി എന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ എത്രപേർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകി;

(സി) പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി എന്നിവ നൽകാനുള്ള കാലതാമസത്തിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഡി) പെൻഷൻ ആനുകൂല്യങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് ഹർജി ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിൻമേൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000-ന് ശേഷം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും വിവിധ തസ്തികകളിലായി 60 പേർ പെൻഷനായി (വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു).†

(ബി) ഇതിൽ 6 പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകി (അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടില്ല).

(സി) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ് പ്രവർത്തിക്കുന്നത്. സഞ്ചിത നഷ്ടം 8.5 കോടി രൂപയാണ്. കൂടാതെ കോർപ്പറേഷന്റെ കടബാദ്ധ്യത ഏകദേശം 650 ലക്ഷം രൂപയിൽ കൂടുതലാണ്. ഇതുമൂലം പെൻഷൻ പറ്റിയ എല്ലാ ജീവനക്കാർക്കും ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് എന്നീ ആനുകൂല്യങ്ങൾ നൽകാൻ കഴിഞ്ഞിട്ടില്ല.

(ഡി) പെൻഷൻ ആനുകൂല്യങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് ഹർജികൾ ലഭിച്ചിട്ടുണ്ട്.

(ഇ) കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി പരിഗണിച്ച് ഒരു പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചുവരുന്നു. ടി പുനരുദ്ധാരണ പദ്ധതി എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ വിശദമായ പഠനത്തിനും തൊഴിലാളി സംഘടനാ പ്രതിനിധികളുമായുള്ള ചർച്ചകൾക്കും ശേഷം സമർപ്പിച്ച ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ടി ശുപാർശകൾ നടപ്പിലാക്കുമ്പോൾ പെൻഷൻ ആനുകൂല്യങ്ങൾ എല്ലാം കൊടുത്തുതീർക്കാനാവും.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly